"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സർക്കാരിന്റെ വിവിധ വികസന വകുപ്പുകൾ നടപ്പാക്കി വരുന്ന സമാനസ്വഭാവമുള്ള പദ്ധതികൾ തദ്ദേശഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കുന്നത് ഒഴിവാക്കുന്നതിനും പദ്ധതികളുടെ ഏകോപനം സാധ്യമാക്കുന്നതിനും വകുപ്പുകൾക്കും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും മാർഗ്ഗനിർദ്ദേശം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(കൈ) നം.201/2023/LSGD തീയതി,തിരുവനന്തപുരം, 17-11-2023

---

പരാമർശം:-

1. സ.ഉ.(അച്ചടി) നം.189/95/തസ്വഭവ, തീയതി 18.09.1995
2. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022
3. സ.ഉ.(കൈ) നം.86/2022/തസ്വഭവ, തീയതി 19.04.2022
4. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
5. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 19.12.2022 ന നടന്ന യോഗത്തിന്റെ തീരുമാനം 3.1
6. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 14.09.2023ന് ചേർന്ന യോഗത്തിന്റെ നടപടികുറിപ്പ്

**ഉത്തരവ്**

73, 74 ആം ഭരണഘടനാ ഭേദഗതിയുടെ ചുവടു പിടിച്ചു കൊണ്ട് വിവിധ വകുപ്പുകളെയും അവയിലെ ഉദ്യോഗസ്ഥരെയും പ്രാദേശിക സർക്കാരുകളായ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറി പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവർക്ക് അനുവദിച്ചു നൽകിയിട്ടുള്ള വികസന ഫണ്ട്, തനത് ഫണ്ട്, കേന്ദ്ര സർക്കാർ ഗ്രാന്റ് മുതലായവ ഉപയോഗിച്ച് വിവിധ സെക്ടറൽ മേഖലകളിൽ പ്രവർത്തികൾ ഏറ്റെടുക്കുകയും അവയുടെ നിർവ്വഹണ ഉദ്യോഗസ്ഥരായി ബന്ധപ്പെട്ട മേഖലയിലുള്ള സർക്കാർ വകുപ്പുകളിലെ കൈമാറിക്കിട്ടിയ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുകയും ചെയ്യുന്നുണ്ട്. അതേ സമയം, സർക്കാർ വകുപ്പുകൾ തങ്ങൾക്ക് അനുവദിച്ച് കിട്ടിയ ബജറ്റ് വിഹിതം ഉപയോഗിച്ച് അതത് മേഖലകളിൽ ഇതേ ഉദ്യോഗസ്ഥർ വഴി സമാനമായ പ്രവൃത്തികൾ ഏറ്റെടുക്കുന്നുമുണ്ട്. കുടിവെള്ള വിതരണം പോലെ കൈമാറിക്കിട്ടിയിട്ടില്ലാത്ത സ്ഥാപനങ്ങളുടെ പരിധിയിലുള്ള മേഖലകളിലും തദ്ദേശ സ്ഥാപനങ്ങൾ പദ്ധതി എടുക്കുന്നുണ്ട്. ഇത് ഇരട്ടിപ്പിന് ഇടയാക്കുകയും സബ് optimal ഫണ്ട് വിനിയോഗത്തിനുള്ള സാഹചര്യം ഉണ്ടാക്കുകയും ചെയ്യുന്നുവെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2. ഒരേതരം പദ്ധതികൾ കാലാകാലങ്ങളായി ഏറ്റെടുക്കുന്നത് ക്രിയാത്മകമായ പദ്ധതികൾ ഏറ്റെടുക്കുന്നതിനും തടസ്സമാണ്. ലഭ്യമായ വിഭവങ്ങൾ വിവേകപൂർണ്ണമായി, ഇരട്ടിപ്പ് വരാത്ത രീതിയിൽ വിനിയോഗിക്കേണ്ടത് ആവശ്യമാണ്. ഇതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളോടൊപ്പം

വികസന വകുപ്പുകളും നടപടി സ്വീകരിക്കേണ്ടതുണ്ട്. ഒരേ മേഖലയിൽ ഏറ്റെടുക്കുന്ന പദ്ധതികളിൽ സംയോജന സാധ്യത ഉപയോഗപ്പെടുത്തേണ്ടതുമുണ്ട്. ഈ സാഹചര്യത്തിൽ, സർക്കാരിന്റെ വികസനവകുപ്പുകൾ നടപ്പാക്കുന്ന സംസ്ഥാനാവിഷ്കൃത പദ്ധതികളും തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പദ്ധതികളും ഇരട്ടിച്ച് നടപ്പാക്കുന്നതിന് ഒഴിവാക്കുന്നതിനും പദ്ധതി ഘടകങ്ങളിൽ ചുമതലകൾ നിശ്ചയിച്ച് സംയോജിതമായി നടപ്പാക്കുന്നതിനും വിവിധ വകുപ്പുകൾക്കും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും ചുവടെയുള്ള നിർദ്ദേശങ്ങൾ നൽകി ഉത്തരവാകുന്നു.

- തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ മേഖലകളിലെ സെക്ടറൽ പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥർ അതത് വികസന വകുപ്പ് ഉദ്യോഗസ്ഥരാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കേണ്ട പദ്ധതികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ തയ്യാറാക്കുന്നത് അതത് വിഷയ മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകളാണ്. പ്രസ്തുത വർക്കിംഗ് ഗ്രൂപ്പുകളുടെ കൺവീനറും അതത് വിഷയ മേഖലയിലെ വികസന വകുപ്പ് ഉദ്യോഗസ്ഥർ തന്നെ ആയിരിക്കും. ഇതേ ഉദ്യോഗസ്ഥരുടെ തന്നെ നേതൃത്വത്തിലാണ് സംസ്ഥാന ആവിഷ്കൃത പദ്ധതികൾ വികസന വകുപ്പുകൾ നേരിട്ട് നടപ്പാക്കുന്നത്. അതിനാൽ തന്നെ പദ്ധതികളുടെ ഇരട്ടിപ്പ് തടയുന്നതിനും സാധ്യമായ മേഖലകളിൽ സംയോജനം പ്രയോജനപ്പെടുത്തുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായ വികസന വകുപ്പ് ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- തദ്ദേശസ്ഥാപനതല ആസൂത്രണസമിതികൾ വാർഷിക പദ്ധതി രൂപീകരണത്തിന് മുന്നോടിയായി, വിവിധ ഉറവിടങ്ങളിൽ നിന്നുള്ള വിഭവങ്ങളുടെ സംയോജന സാധ്യതകൾ വിലയിരുത്തുന്നതിനായി വിളിച്ചുകൂട്ടുന്ന യോഗങ്ങളിൽ, വിവിധവകുപ്പുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥർ ഇത്തരത്തിൽ വകുപ്പുകൾ വഴി ലഭിക്കുന്ന ഫണ്ടുകളുടെ വിശദാംശങ്ങൾ നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും ഇത് കാര്യക്ഷമമായി പാലിക്കപ്പെടുന്നില്ല. ഇതിന്റെ ഫലമായി ഇത്തരം ഫണ്ടുകൾ കൂടി ഫലപ്രദമായി വിനിയോഗിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയാത്ത സാഹചര്യമുണ്ട്. പദ്ധതി രൂപീകരണത്തിന് മുന്നോടിയായുള്ള മേൽ യോഗങ്ങളിൽ വികസന വകുപ്പുകൾ വഴി ലഭിക്കാവുന്ന ഫണ്ടുകളുടെ വിശദാംശങ്ങളും പദ്ധതി വിവരങ്ങളും കൈമാറുന്നതിന് വകുപ്പുകളുടെ നിർവഹണ ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കേണ്ടതാണ്.
- സംസ്ഥാന ബജറ്റ് സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിട്ടുള്ള, പ്രാദേശിക തലത്തിൽ നടപ്പിലാക്കുന്ന സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ ജില്ലാ, ബ്ലോക്ക്, ഗ്രാമം, നഗരസഭാ തിരിച്ചുള്ള വിവരങ്ങൾ മേയ് മാസം അവസാനത്തോടെ തന്നെ പുറപ്പെടുവിക്കുന്നത് വകുപ്പുകൾ പരിശോധിക്കണം. ഓരോ ജില്ലയ്ക്കും ഏതൊക്കെ പദ്ധതികൾ ലഭിക്കുമെന്നും ജില്ലാതലത്തിൽ ലഭിക്കുന്ന തുക എത്രയെന്നുമുള്ള വിവരങ്ങളും മേയ് മാസം അവസാനത്തോടെ അറിയിക്കാനാകണം. തങ്ങളുടെ സ്ഥാപനത്തിന് ലഭിക്കുന്ന പദ്ധതികളും തുകയും സംബന്ധിച്ച വിവരങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സമയോചിതമായി ലഭിക്കത്തക്ക തരത്തിൽ ക്രമീകരണം വകുപ്പ് തലത്തിൽ ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കണം.
- വകുപ്പുകൾ നടപ്പാക്കുന്ന സ്കീമുകളുടെ ജില്ലാതല വിഹിതം നിശ്ചയിച്ച്, മെയ് അവസാനത്തോടെയെങ്കിലും വികസന വകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥരെ വകുപ്പ് മേധാവികൾ അറിയിക്കുകയും ജില്ലാ വിഹിതത്തിന്റെ വിശദാംശങ്ങൾ പ്ലാൻ സ്പേസിൽ

ഉൾച്ചേർക്കുകയും വേണം.

- വകുപ്പുകൾ മുഖേനയുള്ള മിക്കവാറും സ്കീമുകൾക്കും എല്ലാ വർഷവും തുക ലഭിക്കുമെന്നതിനാൽ കഴിയുന്നിടത്തോളം സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കായി തൊട്ടുമുൻവർഷം ലഭിച്ചിട്ടുള്ള ബജറ്റ് തുക കണക്കാക്കി പദ്ധതികൾ രൂപീകരിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്. തൊട്ടു മുൻവർഷം മതിയായ തുക വകുപ്പുകളിൽ നിന്നും ലഭിച്ചിട്ടുള്ള സ്കീമുകൾക്ക് തൻവർഷം ആവശ്യമെങ്കിൽ മാത്രം തദ്ദേശസ്ഥാപനങ്ങൾ തുക നീക്കി വച്ചാൽ മതിയാകുന്നതാണ്.
- അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ചുമതലകളിൽ വരുന്ന വിഷയങ്ങളിൽ സംസ്ഥാന പദ്ധതിയുടെ ഭാഗമായി വകുപ്പുകൾ സ്കീമുകൾ ഏറ്റെടുക്കുമ്പോൾ, ഇതിനായി വകയിരുത്തുന്ന പ്ലാൻ വിഹിതം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നിർവ്വഹണം നടത്തുന്ന രീതി അവലംബിക്കുന്നത് പരിശോധിക്കാവുന്നതാണ്.
- സമാനസ്വഭാവമുള്ള സ്കീമുകളിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ മാനദണ്ഡങ്ങളും വകുപ്പുകളുടെ മാനദണ്ഡങ്ങളും വ്യത്യസ്തങ്ങളാകുന്നതും സ്കീമുകളുടെ ഏകോപിത നടത്തിപ്പിനെ ബാധിക്കുന്നുണ്ട്. അതിനാൽ വകുപ്പുകൾ പദ്ധതികളുടെ മാനദണ്ഡങ്ങളിൽ വരുത്തുന്ന മാറ്റങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിനെ കൂടി യഥാസമയം അറിയിക്കേണ്ടതും അവ സമയബന്ധിതമായി ഏകീകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.
- തദ്ദേശ സ്ഥാപനവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന സംസ്ഥാന സർക്കാർ വകുപ്പുകളുടെ സ്കീമുകൾക്കും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും ഗുണഭോക്താക്കളെ ഗ്രാമസഭകൾ വഴി തന്നെ തെരഞ്ഞെടുക്കുന്നതിന് നടപടി സ്വീകരിക്കണം.
- സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ ബജറ്റിൽ തുക നീക്കി വയ്ക്കുമ്പോൾ, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുബന്ധം IV - ൽ തുക നീക്കിവയ്ക്കുന്നതുപോലെ ഓരോ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഏതൊക്കെ സ്കീമുകൾ വഴി എത്ര തുക ലഭിക്കുമെന്ന വിവരം മുൻകൂട്ടി നൽകുവാൻ കഴിയുമോ എന്ന് അതത് വകുപ്പുകൾക്ക് പരിശോധിക്കാവുന്നതാണ്.
- തദ്ദേശ സ്ഥാപനങ്ങളുടെ ക്ഷീര മേഖലയിലെ നിർവ്വഹണ ഉദ്യോഗസ്ഥർ ക്ഷീര വികസന വകുപ്പ് ഉദ്യോഗസ്ഥരാണ്. ടി നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച്, ക്ഷീര വികസന വകുപ്പ് അവലോകനം നടത്തുന്നുണ്ട്. വകുപ്പിന്റെ പതിവ് അവലോകന യോഗങ്ങളിലാണ് ഇപ്രകാരം ചെയ്യുന്നത്. ഇത് ഒരു മാതൃകയാക്കി സ്വീകരിച്ച്, തങ്ങളുടെ പ്രവർത്തന സെക്ടറിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്ന പദ്ധതി സംബന്ധിച്ച് അതത് വികസന വകുപ്പുകൾ അവലോകനം നടത്തണം. സംസ്ഥാനാവിഷ്കൃത പദ്ധതികളുടെയും വകുപ്പ് ഉദ്യോഗസ്ഥൻ നിർവ്വഹണ ഉദ്യോഗസ്ഥരായ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകളുടെയും വിനിയോഗ പുരോഗതി പ്രതിമാസം വിലയിരുത്തുന്നതിന് വകുപ്പ് മേധാവികൾ നടപടി സ്വീകരിക്കണം. തദ്ദേശ സ്ഥാപനങ്ങളുടെ എസ്.സി.പി. / ടി.എസ്.പി. പദ്ധതികൾ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ പ്രത്യേകമായി അവലോകനം ചെയ്യേണ്ടതാണ്.
- ഫണ്ട് അടിസ്ഥാനത്തിൽ, നിലവിൽ ഏറ്റവും വലിയ കേന്ദ്രാവിഷ്കൃത പദ്ധതികളിലൊന്നാണ് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. നിരവധി മേഖലകളിൽ പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്താനാകും. മേൽ പദ്ധതിയുമായും സമാന പദ്ധതികളുമായും സംയോജിച്ച് പദ്ധതി നടപ്പാക്കുന്നത് പരിശോധിക്കുന്നതിനായി,

ബന്ധപ്പെട്ട മിഷൻ/ പ്രോജക്ടുമായി ചർച്ച നടത്തുന്നതിന് വകുപ്പ് മേധാവികൾ നടപടി സ്വീകരിക്കണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വേണു വി ഐഎഎസ്
ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഗ്രാമവികസന കമ്മീഷണർ
11. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
12. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
13. ഡയറക്ടർ, ആരോഗ്യ വകുപ്പ്
14. ഡയറക്ടർ, കൃഷി വകുപ്പ്
15. ഡയറക്ടർ, വ്യവസായ വകുപ്പ്
16. ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്
17. ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്
18. ഡയറക്ടർ, മൃഗ സംരക്ഷണ വകുപ്പ്
19. ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്
20. ഡയറക്ടർ, ക്ഷീര വികസന വകുപ്പ്
21. ഡയറക്ടർ, ഫിഷറീസ് വകുപ്പ്
22. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്
23. ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്
24. ഡയറക്ടർ, ഭൂജല വകുപ്പ്
25. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
26. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
27. ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി
28. ചീഫ് എഞ്ചിനീയർ, കെ.എസ്.ഇ.ബി.
29. ചീഫ് ടൗൺ പ്ലാനർ
30. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
31. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
32. മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
33. മിഷൻ ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ

34. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
35. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
36. എല്ലാ ജില്ലാ കളക്ടർമാർക്കും
37. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
38. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
39. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
40. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
41. ഡയറക്ടർ ജനറൽ, കില
42. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
43. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
44. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
45. തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്
46. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 21-11-2023 14:39:32

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ചീഫ് സെക്രട്ടറിയുടെ ഒ.എസ്.ഡി. യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്